# അന്തർദേശീയ കോൺഫറൻസിന് അമൃതപുരിയിൽ തുടക്കം

കരുനാഗപ്പള്ളി: സമൂഹത്തിന്റെ ഉന്നമനത്തിന് റോബോട്ടുകളെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അമൃത സർവ്വകലാശാലയുടെ നേതൃത്വത്തിൽ ത്രിദിന അന്തർദേശീയ കോൺഫറൻസിന് അമൃതപുരി കാമ്പസിൽ തുടക്കമായി.

റോബോട്ടിക്സ് മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ വിദഗ്ധരുടേയും ഗവേഷകരുടേയും ശാസ്ത്രജ്ഞരുടേയും നേതൃത്വത്തിൽ പ്രത്യേക സംഘത്തിന് കോൺഫറൻസ് രൂപം നൽകും.

ദേശീയ തലത്തിലുള്ള 35, വിവിധ രാജ്യങ്ങളിൽ നിന്നുള്ള 28 വീതം സംഘങ്ങൾ പങ്കെടുക്കുന്ന റോബോട്ടിക്ക് മത്സരങ്ങളും നടക്കും.

ഇന്റർനാഷണൽ മൾട്ടി വേഴ്സിറ്റി ചാൻസലറായ ഡോ.വിജയ് ഭട്കർ, യു എൻ വുമൺ എക്കണോമിക്കൽ വിഭാഗം മേധാവി മെഗ് ജോൺസ്, റൊണാൾഡ് ആർക്കിൻ, സാമ്പത്തിക വിദഗ്ദ്ധനായ ഡോ.ജൊഫ്രി സാക്സ് എന്നിവർ മൂന്നു ദിവസങ്ങളിലായി നടക്കുന്ന കോൺഫറൻസിൽ സംബന്ധിക്കും.

കേന്ദ്ര നിയമ-ഐടി സഹമന്ത്രി പി.പി. ചൗധരി സമാപനപരിപാടിയിൽ പങ്കെടുക്കും. ഇന്നലെ രാവിലെ 10ന് കേന്ദ്ര നിയമവകുപ്പു സെക്രട്ടറി സുരേഷ് ചന്ദ്ര അന്താരാഷ്ട്ര കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരുപാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. മുഖ്യമന്ത്രിയുടെ ഐടി സെക്രട്ടറി ശിവശങ്കർ, അമൃത സർവകലാശാല വൈസ് ചാൻസിലർ ഡോ.വെങ്കിട്ട് രങ്കൻ, അമ്മച്ചി ലാബ് മേധാവി പ്രൊഫ.ഭവാനി ആർ.റാവു, ഡോ.രാജ് മാധവൻ തുടങ്ങിയവർ സംബന്ധിച്ചു.